(ബി) അതിലേക്കായി പത്തു ലേബർ ഓഫീസറന്മാരെ തെരഞ്ഞെടുക്കുവാൻ പബ്ലിക്സർവ്വീസ്കമ്മീഷനോട് ഗവർമ്മെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. അവരെ തെരഞ്ഞെടുക്കുന്നതിനു പബ്ലിക്ക് സർവ്വീസുകമ്മീഷൻ അപേക്ഷകരെ അഭിമുഖസന്ദർശനം നടത്തിയിട്ടുണ്ട്. വേഗം നിയമനം നടക്കുന്നതാണ്

QUESTIONS POSTED FOR ANSWER ON 5—3—1951.

വില്ലേജ് പഞ്ചായത്ത്

*൯൪൫ (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹു: സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വില്ലേജുപഞ്ചായത്തു ഡിപ്പാർട്ടുമെൻറിലേക്കു ഈ വർഷം നീക്കിവച്ചിരുന്ന തുക എത്ര?

(ബി) അതിൽ എത്രതുക ചെലവായി?

(ചീഫ് മിനിസ്റ്റർ ശ്രീ. സി. കേശവൻ)

(എ) നീക്കിവെച്ച രൂപ ൪൩,൫൫,൫൦൦.

(ബി) ഫെബ്രുവരിവരെ ചിലവായതു ൫൫,൫൭,൯൪൦ ഉറുപ്പിക. ഫെബ്രുവരിയിലും മാർച്ചിലുംകൂടി ൫൭,൩൫,൯൫൦ ഉറുപ്പിക ചിലവാകുമെന്നു ഉദ്ദേശിക്കുന്നു.

റോഡ് ഗ്രാവലിംഗ്

*൯൪൯ (൩) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെപറയുന്ന ചോദ്യത്തിനു ബഹു: മരാമത്തുവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

നെയ്യാറ്റിങ്കരതാലൂക്കിൽ ചെമ്മൂർ റോഡ് ഗ്രാവൽചെയ്യാൻ എസ്റ്റിമേറു സമർപ്പിച്ചിട്ടു് എത്രവർഷമായി? ആയതു സാങ്ഷൻ ചെയ്യാതിരിക്കാൻ കാരണമെന്തു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ)

൫൯൭൦ ഫെബ്രുവരിയിലാണു് എസ്റ്റിമേറു തയ്യാറാക്കിയതു്. എന്നാൽ അതിനുവേണ്ട ഫണ്ടില്ലാത്തതുകൊണ്ടു് സാങ്ഷൻ നൽകിയില്ല.

DOUBLE DECKER BUSES

***950.** [7] **Sri. N. D. Jose:** Will the Hon'ble Minister for Transport be pleased to state.—

(*a*) the cost of each double decker bus;

(*b*) the cost of building the body for each bus; and

(*c*) whether the buses are found to be sufficiently profitable and convenient on roads here?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** (*a*) & (*b*) Rs. 11,129—14—0 for Chasis and Rs. 13,596—6—10 for body building.

(c) Yes.

മോണോസൈറു് ഫാക്ടറി

*൯൫൭ (൯) ശ്രീമതി ദേവകിഗോപിദാസു്: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹു: വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മോണോസൈറു് ഫാക്ടറിസ്ഥാപിക്കുന്നതിലേക്കു് ഇൻഡ്യാഗവർമ്മെൻറ് എന്തെങ്കിലും സംഖ്യ തരാമെന്നു സമ്മതിച്ചിട്ടുണ്ടോ?

(ബി) അതിൻറെ സ്ഥാപനം സംബന്ധിച്ചു് ഇന്ത്യാഗവർമ്മെൻറിനു് എന്തെങ്കിലും കാര്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly